# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5188

**27.06.2019-ൽ മറുപടിയ്ക്ക്**

**ആയുർവേദ ചികിത്സാസമ്പ്രദായത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആയുർവേദ ചികിത്സാ സമ്പ്രദായത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പിന്റെ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിൽ പ്ലാൻ പദ്ധതി പ്രകാരം ആയുർവേദ ചികിത്സാ രംഗം കാര്യക്ഷമമാക്കുന്നതിന് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• പഞ്ചകർമ്മ യൂണിറ്റ്<br>• ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള യോഗ യൂണിറ്റ്<br>• മാനസികപരമായിട്ടുള്ള അസുഖങ്ങൾ പരിഹരിക്കുന്നതിനായുള്ള മാനസിക യൂണിറ്റ്<br>• സ്ത്രീകൾക്കായുള്ള പ്രസൂതിതന്ത്ര യൂണിറ്റ്<br>• കുട്ടികൾക്കായുള്ള കൗമാരഭൃത്യം യൂണിറ്റ്<br>• സ്കൂൾ കുട്ടികളിലെ നേത്ര രോഗങ്ങൾ പരിഹരിക്കുന്നതിനായി ദൃഷ്ടി പദ്ധതി<br>• ഉദരശസ്സ്, പിസ്റ്റുല എന്നീ അസുഖങ്ങൾ പരിഹരിക്കുന്നതിനായി ക്ഷാരസൂത്ര യൂണിറ്റ്<br>• വൃദ്ധജനങ്ങൾക്കായുള്ള സ്നേഹധാര പദ്ധതി<br>• അട്ടപ്പാടി ആദിവാസി മേഖലയിലെ കുട്ടികൾക്കും ഗർഭിണികൾക്കുമായുള്ള ക്ഷേമജനനി (പാലക്കാട്)<br>• സിദ്ധ യൂണിറ്റ്<br>• സിക്കിൾ സെൽ യൂണിറ്റ് (വയനാട്)<br>• എന്റോസൾഫാൻ ബാധിത മേഖലയിലെ ഗർഭിണികളായ അമ്മമാർക്കായുള്ള ചികിത്സാ |

| | | | |
|---|---|---|---|
| | | | പദ്ധതിയായ നിർവിഷ (കാസർഗോഡ്)<br>• കുട്ടികളുടേയും കൗമാരക്കാരുടേയും ആയുർവേദ പരിചരണ കേന്ദ്രം (കോഴിക്കോട്)<br>• ആയുർവേദ ഗവേഷണ പ്രവർത്തനങ്ങൾ<br>• വിദ്യാലയ ആരോഗ്യപരിപാടികൾ (ഋതു, പ്രസാദം)<br>• തിരഞ്ഞെടുത്ത ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം<br>• പകർച്ചവ്യാധിയും പ്രകൃതി ദുരന്തവും തടയൽ<br>• ഡയബറ്റിക് അസുഖങ്ങൾ പരിഹരിക്കുന്നതിനുള്ള ജീവനി പദ്ധതി, പക്ഷാഘാതം മൂലമുണ്ടാകുന്ന അസുഖങ്ങൾ പരിഹരിക്കുന്നതിനായുള്ള പുനർന്നവ പദ്ധതി |
| (ബി) | സംസ്ഥാനത്തെ സർക്കാർ ആയുർവേദ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ ആയുർവേദ ആശുപത്രികളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി Kerala Accreditation standards for Hospital (KASH) നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിൽ 2016-17 സാമ്പത്തിക വർഷം 70 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 2,35,39,837/- രൂപയും 2018-19 സാമ്പത്തിക വർഷം 2,00,40,328/- രൂപയും 2019-20 സാമ്പത്തിക വർഷം 2 കോടി 80 ലക്ഷം രൂപയും ആശുപത്രികളുടെ മെയിൻറനൻസ് റിനോവേഷൻ എന്നീ വകയിൽ 1,37,67,867/- രൂപയും വകയിരുത്തി നടപ്പിലാക്കി വരുന്നു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ജീവിതശൈലീരോഗങ്ങൾ ചികിത്സിക്കുന്നതിനായി ആയുർവേദ ഡിസ്പെൻസറികളിൽ നിലവിലുള്ള ചികിത്സാസൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | ജീവിതശൈലീ രോഗങ്ങൾ ചികിത്സിക്കുന്നതിനായി ആയുർവേദ ഡിസ്പെൻസറികൾ മുഖേന ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ചികിത്സ ആവശ്യമായ രോഗികൾക്ക് ജീവിതശൈലീ രോഗ ക്ലിനിക്കുകൾ നിലവിലുള്ള മറ്റ് ആയുർവേദ ആശുപത്രികളിലേക്ക് റഫർ ചെയ്യുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

സംസ്ഥാനത്ത് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആയുർവേദ കോളേജുകളോട് അനുബന്ധിച്ചുള്ള ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രധാനമായും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഒ.പി./ഐ.പി വിഭാഗങ്ങൾ എല്ലാം തന്നെ കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്.
- ആശുപത്രികളുടെ കീഴിലുള്ള ലാബുകളിലും, മറ്റ് നേത്രപരിശോധന സ്ഥലങ്ങളിലും ഉൾപ്പെടെ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ സ്ഥാപിച്ചു.
- ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിന്റെ ഭാഗമായി എൻ.എ.ബി.എച്ച് അക്രെഡിറ്റേഷൻ ആശുപത്രികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്.
- ആയുർവേദ മേഖലയിൽ നിലവിൽ മാനസികരോഗ ചികിത്സയ്ക്ക് ഭാരതീയ ചികിത്സ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ മാത്രമാണ് ആശുപത്രി നിലവിലുള്ളത്. ഇതിൻ പ്രകാരം ആയുർവേദ മേഖലയിൽ മാനസികരോഗ ചികിത്സയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനായി കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിൽ ആദ്യവും, മറ്റ് സർക്കാർ ആയുർവേദ മെഡിക്കൽ കോളേജുകൾക്ക് കീഴിൽ ഘട്ടം ഘട്ടമായും മാനസികരോഗ ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള മുന്നോടിയായി മാനസിക രോഗത്തിൽ സ്പെഷ്യൽ ഒ.പി.കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.
- ആശുപത്രികളുടെ പ്രവർത്തനങ്ങൾക്കായി പുതുതായി 55 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രിയുടെ കീഴിൽ പുതുതായി പണികഴിപ്പിച്ച 5 നില പേ വാർഡ് കെട്ടിടം താൽക്കാലികമായി 41 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പൂർണ്ണമായി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.
- തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിന് കീഴിലെ പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ പുതുതായി ലേബർ റൂം, ഓപ്പറേഷൻ തീയറ്റർ എന്നിവ ആധുനിക സൗകര്യങ്ങളോടെ ഉത്ഘാടനം ചെയ്തു. ഇതിൻ പ്രകാരം ടി ആശുപത്രിയിൽ പ്രസവ നിരക്കിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നതിന് സാധിച്ചിട്ടുണ്ട്.
- കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രിയുടെ കീഴിൽ 5 നില സ്ത്രീകളുടേയും കുട്ടികളുടേയും പ്രത്യേക ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.
- തിരുവനന്തപുരം ഗവ. ആയുർവേദ മെഡിക്കൽ കോളേജിന് കീഴിലെ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് നിലവിലുള്ള ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയാത്ത രക്ത സാമ്പിളുകൾ പരിശോധന നടത്തുന്നതിനായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി ചേർന്ന് പ്രത്യേകമായി ഒരു ലാബ് ഈ ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ